**ANSWER KEY**

# FIRST QUARTERLY EXAMINATION 2025
# POLITICAL SCIENCE

Time: 2 ½ Hrs
Score: 80 Scores

**From questions 1 to 11 answer for 16 scores.**

**1 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരം എഴുതുക**

1. Name the person who is known as 'Frontier Gandhi'? **Score 1**
'അതിർത്തി ഗാന്ധി' എന്നറിയപ്പെടുന്ന വ്യക്തി ആരാണെന്ന് എഴുതുക.

**Ans:** Khan Abdul Gaffar Khan / ഖാൻ അബ്ദുൽ ഗഫാർ ഖാൻ

2. Which of these statements about the Bombay plan is **incorrect**.

a) It was a blue print for India's economic future
b) It supported state ownership of Industry
c) It was made by some leading industrialists **Score 1**
d) It supported strongly the idea of planning

ബോംബെ പ്ലാനിനെക്കുറിച്ചുള്ള ഈ പ്രസ്താവനകളിൽ ഏതാണ് തെറ്റ്.
a) ഇന്ത്യയുടെ സാമ്പത്തിക ഭാവിയുടെ ഒരു രൂപരേഖയായിരുന്നു അത്
b) വ്യവസായത്തിന്റെ രാഷ്ട്ര ഉടമസ്ഥതയെ ഇത് പിന്തുണച്ചു
c) ചില പ്രമുഖ വ്യവസായികളാണ് ഇത് തയ്യാറാക്കിയത്
d) ആസൂത്രണം എന്ന ആശയത്തെ ഇത് ശക്തമായി പിന്തുണച്ചു

**Ans:** a) It was a blue print for India's economic future /
a) ഇന്ത്യയുടെ സാമ്പത്തിക ഭാവിയുടെ ഒരു രൂപരേഖയായിരുന്നു അത്

3. Which of the following statements about the 1967 election is **correct**.
a) Congress won the Lok Sabha election but lost the Assembly elections in many states.
b) Congress lost both Lok Sabha and Assembly elections.
c) Congress lost majority in the Lok Sabha but formed a coalition government with the support of some other parties
d) Congress retained power at the centre with an increased majority. **Score 1**

1967 ലെ തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി.
a) ലോക്സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയിച്ചു, പക്ഷേ പല സംസ്ഥാനങ്ങളിലും നിയമസഭാ തിരഞ്ഞെടുപ്പുകളിൽ പരാജയപ്പെട്ടു.
b) ലോക്സഭാ തിരഞ്ഞെടുപ്പിലും നിയമസഭാ തിരഞ്ഞെടുപ്പിലും കോൺഗ്രസ് പരാജയപ്പെട്ടു.
c) ലോക്സഭയിൽ കോൺഗ്രസിന് ഭൂരിപക്ഷം നഷ്ടപ്പെട്ടു, പക്ഷേ മറ്റ് ചില പാർട്ടികളുടെ പിന്തുണയോടെ ഒരു സഖ്യ സർക്കാർ രൂപീകരിച്ചു
d) വർദ്ധിച്ച ഭൂരിപക്ഷത്തോടെ കോൺഗ്രസ് കേന്ദ്രത്തിൽ അധികാരം നിലനിർത്തി

**Ans:** a) Congress won the Lok Sabha election but lost the Assembly elections in many states.
a) ലോക്സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയിച്ചു, പക്ഷേ പല സംസ്ഥാനങ്ങളിലും നിയമസഭാ തിരഞ്ഞെടുപ്പുകളിൽ പരാജയപ്പെട്ടു.

4.

| Match the following - ചേരുംപടി ചേർക്കുക | |
|---|---|
| Aya Ram, Gaya Ram<br>ആയാറാം ഗയാറാം | Election of 1977<br>1977 ലെ തെരെഞ്ഞെടുപ്പ് |
| Save Democracy<br>ജനാധിപത്യത്തെ രക്ഷിക്കുക | Group of Congress Leaders<br>കോൺഗ്രസ് നേതാക്കളുടെ ഗ്രൂപ്പ് |
| SVD governments<br>എസ് വി ഡി സർക്കാരുകൾ | Defection<br>കൂറുമാറ്റം |
| Syndicate<br>സിൻഡിക്കേറ്റ് | Coalitions<br>മുന്നണികൾ |

**Score 4**

**Ans:**

| Match the following - ചേരുംപടി ചേർക്കുക | |
|---|---|
| Aya Ram, Gaya Ram<br>ആയാറാം ഗയാറാം | Defection<br>കൂറുമാറ്റം |
| Save Democracy<br>ജനാധിപത്യത്തെ രക്ഷിക്കുക | Election of 1977<br>1977 ലെ തെരെഞ്ഞെടുപ്പ് |

| | |
|---|---|
| SVD governments<br>എസ് വി ഡി സർക്കാരുകൾ | Coalitions<br>മുന്നണികൾ |
| Syndicate<br>സിൻഡിക്കേറ്റ് | Group of Congress Leaders<br>കോൺഗ്രസ് നേതാക്കളുടെ ഗ്രൂപ്പ് |

5. Name the movements associated with the following activists.
താഴെ പറയുന്ന ആക്റ്റിവിസ്റ്റു കളുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങൾ ഏതെല്ലാം?

| | |
|---|---|
| Chandi Prasad Bhatt<br>ചാന്ദി പ്രസാദ് ഭട്ട് | Chipko Movement /ചിപ്കോ പ്രസ്ഥാനം |
| Namdeo Dhasal<br>നാംദിയോ ധസാൽ | Dalit Panthers / ദളിത് പാന്തേഴ്സ് |

Score 2

6. The era of "One party dominance" in India refers to the period from...............?

a) From 1977 to 1984
b) From 1952 to 1962
c) From 1989 to 1996
d) From 1998 to 2004

ഇന്ത്യയിൽ "ഏക കക്ഷി മേധാവിത്വ" കാലഘട്ടം സൂചിപ്പിക്കുന്നത് ............... ആണ്?

Score 1

a) 1977 മുതൽ 1984 വരെ
b) 1952 മുതൽ 1962 വരെ
c) 1989 മുതൽ 1996 വരെ
d) 1998 മുതൽ 2004 വരെ

P.T.O

**Ans:** b) From 1952 to 1962 / b) 1952 മുതൽ 1962 വരെ

7. Which of these statements are **incorrect**: The Chipko movement
a) was an environmental movement to prevent cutting down of trees.
b) raised question of ecological and economic exploitation
c) was a movement against alcoholism started by the women
d) demanded that local communities should have control over their natural resources
ഈ പ്രസ്താവനകളിൽ ഏതാണ് തെറ്റ്: ചിപ്കോ പ്രസ്ഥാനം
a) മരങ്ങൾ മുറിക്കുന്നത് തടയുന്നതിനുള്ള ഒരു പരിസ്ഥിതി പ്രസ്ഥാനമായിരുന്നു.
b) പാരിസ്ഥിതികവും സാമ്പത്തികവുമായ ചൂഷണത്തെക്കുറിച്ചുള്ള ചോദ്യം ഉന്നയിച്ചു
c) സ്ത്രീകൾ ആരംഭിച്ച മദ്യപാനത്തിനെതിരെയുള്ള ഒരു പ്രസ്ഥാനമായിരുന്നു

Score 1

d)പ്രാദേശിക സമൂഹങ്ങൾക്ക് പ്രകൃതി വിഭവങ്ങളിൽ നിയന്ത്രണം ഉണ്ടായിരിക്കണമെന്ന് ആവശ്യപ്പെട്ടു

**Ans:** c) was a movement against alcoholism started by the women
സ്ത്രീകൾ ആരംഭിച്ച മദ്യപാനത്തിനെതിരെയുള്ള ഒരു പ്രസ്ഥാനമായിരുന്നു

8. What is the primary purpose of India's foreign policy?
a) Pursuing territorial expansion
b) Promoting economic exploitation
c) National security and Economic development
d) Building exclusive military alliance
ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രാഥമിക ലക്ഷ്യം എന്താണ്?

Score 1

a) രാജ്യത്തിന്റെ ഭൂപ്രദേശം വികസിപ്പിക്കുക
b) സാമ്പത്തിക ചൂഷണം പ്രോത്സാഹിപ്പിക്കുക
c) ദേശീയ സുരക്ഷയും സാമ്പത്തിക വികസനവും ഉറപ്പ് വരുത്തുക
d) പ്രത്യേക സൈനിക സഖ്യം കെട്ടിപ്പടുക്കുക

**Ans:** c) National security and Economic development
ദേശീയ സുരക്ഷയും സാമ്പത്തിക വികസനവും ഉറപ്പ് വരുത്തുക

9. 'Grand Alliance' was .....................? / മഹാസഖ്യം എന്നത് .................. ആയിരുന്നു?
a) Electoral alliance of 1952 / a) 1952 ലെ തെരഞ്ഞെടുപ്പ് സഖ്യം
b) Electoral alliance of 1962 / b) 1962 ലെ തെരഞ്ഞെടുപ്പ് സഖ്യം
c) Electoral alliance of 1971 / c) 1971 ലെ തെരഞ്ഞെടുപ്പ് സഖ്യം

Score 1

d) Electoral alliance of 1957 / d) 1957 ലെ തെരഞ്ഞെടുപ്പ് സഖ്യം
**Ans:** Electoral alliance of 1971 / 1971 ലെ തെരഞ്ഞെടുപ്പ് സഖ്യം

10.

| Match the following - ചേരുംപടി ചേർക്കുക | |
|---|---|
| Non Cogressism<br>കോൺഗ്രസിതരത്വം | Lal Bahadur Sastri<br>ലാൽ ബഹദൂർ ശാസ്ത്രി |
| Jai Jawan Jai Kisan<br>ജയ് ജവാൻ ജയ് കിസാൻ | Grand Alliance<br>മഹാസഖ്യം |
| Garibi Hatao<br>ഗരീബി ഹഠാവോ | Ram Manohar Lohia<br>റാം മനോഹർ ലോഹ്യ |
| Indira Hatao<br>ഇന്ദിരാ ഹഠാവോ | Indira Gandhi<br>ഇന്ദിരാഗാന്ധി |

**Score 4**

**Ans:**

| Match the following - ചേരുംപടി ചേർക്കുക | |
|---|---|
| Non Cogressism<br>കോൺഗ്രസിതരത്വം | Ram Manohar Lohia<br>റാം മനോഹർ ലോഹ്യ |
| Jai Jawan Jai Kisan<br>ജയ് ജവാൻ ജയ് കിസാൻ | Lal Bahadur Sastri<br>ലാൽ ബഹദൂർ ശാസ്ത്രി |
| Garibi Hatao<br>ഗരീബി ഹഠാവോ | Indira Gandhi<br>ഇന്ദിരാഗാന്ധി |
| Indira Hatao<br>ഇന്ദിരാ ഹഠാവോ | Grand Alliance<br>മഹാസഖ്യം |

11. First non-Congress Prime Minister of India?
ഇന്ത്യയിലെ ആദ്യത്തെ കോൺഗ്രസിതര പ്രധാനമന്ത്രി?

**Score 1**

**Ans:** Morarji Desai / മൊറാർജി ദേശായ്

12.

| Match the following - ചേരുംപടി ചേർക്കുക | |
|---|---|
| Naxalite Movement<br>നക്സലൈറ്റ് പ്രസ്ഥാനം | George Ferndandez<br>ജോർജ്ജ് ഫെർണാണ്ടസ് |
| Total Revolution<br>സമ്പൂർണ്ണ വിപ്ലവം | Charan Singh<br>ചരൺ സിങ് |
| Railway Strike<br>റെയിൽവേ സമരം | Charu Majumdar<br>ചാരു മജൂംദാർ |
| Split in Janata Party<br>ജനതാ പാർട്ടിയിലെ പിളർപ്പ് | Jayaprakash Narayan<br>ജയപ്രകാശ് നാരായൺ |

**Score 4**

**Ans:**

| Match the following - ചേരുംപടി ചേർക്കുക | |
|---|---|
| Naxalite Movement<br>നക്സലൈറ്റ് പ്രസ്ഥാനം | Charu Majumdar<br>ചാരു മജൂംദാർ |
| Total Revolution<br>സമ്പൂർണ്ണ വിപ്ലവം | Jayaprakash Narayan<br>ജയപ്രകാശ് നാരായൺ |
| Railway Strike<br>റെയിൽവേ സമരം | George Ferndandez<br>ജോർജ്ജ് ഫെർണാണ്ടസ് |
| Split in Janata Party<br>ജനതാ പാർട്ടിയിലെ പിളർപ്പ് | Charan Singh<br>ചരൺ സിങ് |

**Answer any 4 questions from 13 to 17. Each carries 3 scores.**

13 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. **3** സ്കോർ വീതം.

13. Write the objectives of Jawaharlal Nehru's Foreign policy?
ജവഹർലാൽ നെഹ്റുവിന്റെ വിദേശനയത്തിന്റെ ലക്ഷ്യങ്ങൾ എഴുതുക?

**Basic Principles of Nehruvian Foreign policy**

- Not to join either the military blocs formed by USA and USSR
  **Policy of Non Alignment**
- To preserve the hard earned sovereignty.
- To protect territorial integrity.
- To promote rapid economic development.

**നെഹ്റുവിന്റെ വിദേശ നയത്തിന്റെ അടിസ്ഥാന തത്വങ്ങൾ**

- ചേരി ചേരാ നയം. അമേരിക്കൻ ചേരിയിലോ സോവിയറ്റ് ചേരിയിലോ ചേരാതിരിക്കുക
- കഠിനാധ്വാനത്തിലൂടെ നേടിയെടുത്ത പരമാധികാരം സംരക്ഷിക്കുക.
- ഭൂപരമായ ഐക്യം കാത്തു സൂക്ഷിക്കുക.
- സത്വര സാമ്പത്തിക വികസനം സാധിക്കുക.

15. Find out the reason for the failure of Janatha Government?
ജനതാ ഗവണ്മെന്റിന്റെ പരാജയത്തിന്റെ കാരണങ്ങൾ കണ്ടെത്തുക?

### Failure of Janatha Experiment

- The Janatha Party had nothing to keep them united.
- They had no direction, no leadership and a common programme.
- Janatha Party government could not bring a fundamental change in policies pursued by Congress.
- There was a split in Janatha Party and the government led by Morarji Desai which lost its majority in less than 18 months

### ജനതാ പരീക്ഷണത്തിന്റെ പരാജയം

- അവരെ ഒന്നിപ്പിച്ചു നിർത്താൻ ജനതാ പാർട്ടിക്ക് ഒന്നുമില്ലായിരുന്നു.
- അവർക്ക് ഒരു ദിശാബോധമോ നേതൃത്വമോ പൊതുവായ പരിപാടിയോ ഉണ്ടായിരുന്നില്ല.
- കോൺഗ്രസ് പിന്തുടരുന്ന നയങ്ങളിൽ അടിസ്ഥാനപരമായ മാറ്റം വരുത്താൻ ജനതാ പാർട്ടി സർക്കാരിന് കഴിഞ്ഞില്ല.
- ജനതാ പാർട്ടിയിലും മൊറാർജി ദേശായിയുടെ നേതൃത്വത്തിലുള്ള സർക്കാരിലും പിളർപ്പ് ഉണ്ടായി, 18 മാസത്തിനുള്ളിൽ ഭൂരിപക്ഷം നഷ്ടപ്പെട്ടു.

14. Analyze the election result of Lok Sabha Election 1977.
1977 ലെ ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം വിശകലനം ചെയ്യുക

### Election of 1977

- Opposition adopted the slogan '**Save Democracy'**
- The opposition campaigned the non-democratic rule of the Congress.
- The opposition highlighted the preventive detention and press censorship to favour public opinion.
- Janatha party ensured not to divide non-Congress votes.
- For the first time, Congress lost election with winning 154 seats only.
- Janatha Party and its allies won 330 seats out of 542 seats
- Congress lost from the states of Bihar, UP, Haryana, Delhi and Madhya Pradesh
- Janatha Party called this election as the referendum on emergency

## 1977ലെ തെരഞ്ഞെടുപ്പ്

- ജനാധിപത്യത്തെ രക്ഷിക്കുക എന്നതായിരുന്നു പ്രതിപക്ഷ മുദ്രാവാക്യം
- അടിയന്തരാവസ്ഥക്കെതിരായ ഒരു ഹിത പരിശോധനയായി തെരഞ്ഞെടുപ്പ് മാറി
- കോൺഗ്രസ് ഭരണത്തിന്റെ ജനാധിപത്യവിരുദ്ധ സ്വഭാവത്തിലും അടിയന്തരാവസ്ഥക്കാലത്ത് നടന്ന അതിക്രമങ്ങളിലും ഊന്നിയായിരുന്നു പ്രതിപക്ഷ പ്രചാരണം
- ആയിരക്കണക്കിന് പേർ അറസ്റ്റ് ചെയ്യപ്പെട്ടതും പത്രങ്ങൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തിയതും തുറന്നു കാണിക്കപ്പെട്ടു
- ജയപ്രകാശ് നാരായണൻ ജനാധിപത്യം പുനസ്ഥാപിക്കുന്നതിന്റെ പ്രതീകമായി മാറി
- പ്രതിപക്ഷം കോൺഗ്രസിതര വോട്ടുകൾ ചിതറി പോകില്ലെന്ന് ഉറപ്പാക്കി
- സ്വാതന്ത്ര്യ പ്രാപ്തിക്ക് ശേഷം ആദ്യമായി കോൺഗ്രസ് തെരഞ്ഞെടുപ്പിൽ തോറ്റമ്പി. ലോക്സഭയിൽ കോൺഗ്രസിന് ആകെ നേടാൻ കഴിഞ്ഞത് 154 സീറ്റ് മാത്രം
- ആകെയുള്ള 542 സീറ്റിൽ 330 സീറ്റും ജനത പാർട്ടിയും സഖ്യകക്ഷികളും കൂടി നേടി ജനതാ പാർട്ടിക്ക് തന്നെ 295 സീറ്റ് കിട്ടി
- ബീഹാർ. യു.പി, ഡൽഹി, ഹരിയാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ കോൺഗ്രസിന് ഒരൊറ്റ സീറ്റ് പോലും ലഭിച്ചില്ല.
- ഇന്ദിരാഗാന്ധി റായിബറേലിയിലും സഞ്ജയ് ഗാന്ധി അമേത്തിയിലും തോറ്റു.

16. Discuss India's Nuclear Policy?
ഇന്ത്യയുടെ ആണവനയത്തെക്കുറിച്ച് വിശദീകരിക്കുക?

## NUCLEAR POLICY OF INDIA

Important

**India conducted her Nuclear Test at Pokran in 1974 & 1998**

- India is against nuclear proliferation.
- Nuclear Energy for peaceful purpose.India expressed its commitment to a nuclear weapon free world.
- India refused to sign discriminatory Nuclear Treaties.
- Atom Weapon – India advoctes **No First Use.**
- India will never use its Nuclear weapons against Non -Nuclear countries.
- India did not sign in CTBT and NPT because India considered both were discriminatory.
- Even India's first nuclear test in May 1974 was termed as a peaceful explosion and India argued to use nuclear power for peaceful purpose only.

## ഇന്ത്യയുടെ ആണവ നയം

1974 ലും 1998 ലും ഇന്ത്യ പൊക്റാനിൽ ആണവ പരീക്ഷണം നടത്തി.

- അണുശക്തി സമാധാന കാര്യങ്ങൾക്ക് വേണ്ടി. ഇന്ത്യയുടെ സുരക്ഷയ്ക്ക് ആവശ്യമായ അണവായുധങ്ങൾ അതാണ് ഇന്ത്യയുടെ നയം.
- വിവേചന പരമല്ലാത്ത ആണവായുധ ഇന്ത്യ നിർവ്യാപനത്തിന് തയ്യാർ.
- ഇന്ത്യ ആണവായുധം ആദ്യം പ്രയോഗിക്കില്ല.
- ആണവായുധം ഇല്ലാത്ത രാജ്യത്തിനു മേൽ ഇന്ത്യ ആണവായുധം പ്രയോഗിക്കില്ല.
- ആണവ രാജ്യങ്ങളുടെ വ്യാപനത്തെ ഇന്ത്യ എതിർക്കുന്നു.
- CTBT, NPT എന്നിവ വിവേചനപരമാണെന്ന് വിശ്വസിക്കുന്നതിനാൽ ഇന്ത്യ ഒപ്പ് വെച്ചിട്ടില്ല.

17. What are the major challenges faced by immediately after independence?
സ്വാതന്ത്ര്യ ഭാരതം നേരിട്ട പ്രധാന വെല്ലുവിളികൾ എന്തെല്ലാം?

**THREE CHALLENGES**

**Shaping India as a Unified Nation**

India was divided among various states at the time of Independence. The first and the immediate challenge was to shape a nation that was united, yet accommodative of the diversity in our society

**Establishing Democracy**

India constituted representative democracy based on parliamentary form of Govt. and it was a great challenge to develop these democratic practices in the nation

**Ensuring Development and Well Being**

Indian polity made herself to achieve welfare goals with the evolvement of effective economics policies and eradication of poverty and unemployment.

**മൂന്ന് വെല്ലുവിളികൾ**

**ഏകീകൃത രാഷ്ട്രത്തിന് രൂപം നൽകൽ**

വിഭജിച്ചു കിടക്കുന്ന ഇന്ത്യയെ നാനാത്വം ഉൾക്കൊണ്ടു കൊണ്ട് ഒറ്റ രാഷ്ട്രമാക്കിയെടുക്കുക എന്നതായിരുന്നു സ്വാതന്ത്ര്യാനന്തര ഭാരതം നേരിട്ട ഏറ്റവും വലിയ വെല്ലുവിളി ഏകീകൃത രാഷ്ട്ര നിർമ്മാണം അത്ര എളുപ്പമായിരുന്നില്ല.

**ജനാധിപത്യ സംവിധാനം സ്ഥാപിക്കൽ**

ഇന്ത്യയെ ജനാധിപത്യ രാജ്യമാക്കുക എന്നതായിരുന്നു മറ്റൊരു വെല്ലുവിളി തിരഞ്ഞെടുപ്പ് പോലെയുള്ള ജനാധിപത്യത്തിന്റെ അടിസ്ഥാന കാര്യങ്ങൾ ഒരുക്കുക എന്നത് വെല്ലുവിളി നിറഞ്ഞതായിരുന്നു പാർലമെന്ററി രീതിയാണ് ഇന്ത്യ സ്വീകരിച്ചത്.

**സമൂഹത്തിന്റെ ക്ഷേമവും വികസനവും ഉറപ്പ് വരുത്തൽ**

ദാരിദ്ര്യനിർമ്മാജനം നടത്തിയും തൊഴിലി ല്ലായ്മയ്ക്ക് പരിഹാരം കണ്ടും ഇന്ത്യയിലെ ജനങ്ങളുടെ ക്ഷേമവും വികസനവും ഉറപ്പ് വരുത്തുക എന്നതും വലിയ വെല്ലുവിളിയായി.

**<u>Answer any 4 questions from 18 to 22. Each carries 4 scores.</u>**

**18 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. 4 സ്കോർ വീതം**

18. Congress was a social and ideological coalition during the initial years of independence. Explain.
സ്വാതന്ത്ര്യത്തിന്റെ ആദ്യ വർഷങ്ങളിൽ കോൺഗ്രസ് ഒരു സാമൂഹികവും പ്രത്യയശാസ്ത്രപരവുമായ സഖ്യമായിരുന്നു .വിശദീകരിക്കുക

## CONGRESS AS A SOCIAL AND IDEOLOGICAL COALITION

1. Congress was called as **Rainbow Party** or An **Umbrella Party.**
2. Congress accommodated the revolutionary, conservative, pacifist, radical, extremists and moderates and the rights and the left with all other shades of the center.
3. Congress became a platform for numerous groups and interests and accommodated various factions.
4. Congress party represented a rainbow like social coalition representing diversity of India including various castes, religions and languages.
5. The Congress accommodated diversified interests, religion, beliefs and aspirations to strengthen democracy.

## കോൺഗ്രസ് സാമൂഹ്യ പ്രത്യയശാസ്ത്ര സഖ്യമെന്ന നിലയിൽ

1. കോൺഗ്രസിനെ മഴവിൽ പാർട്ടി എന്ന് വിളിക്കപ്പെടുന്നു. വൈവിദ്ധ്യമേറിയ ഗ്രൂപ്പുകളെ ഒന്നിച്ച് അണിനിർത്താൻ അതിനു കഴിഞ്ഞു.
2. വർഗപരമായും ജാതിപരമായും മതപരമായും ഭാഷാപരമായും എല്ലാ താല്പര്യക്കാരെയും പ്രതിനിധീകരിക്കുന്ന ഒരു സഖ്യമായി കോൺഗ്രസ് മാറി.
3. വിപ്ലവകാരികളെയും സമാധാന വാദികളെയും യാഥാസ്ഥിതികരെയും, പുരോഗമനവാദികളെയും, തീവ്രവാദികളെയും, മിതവാദികളെയും, വലതു-പക്ഷ ഇടതു-പക്ഷ ചിന്താ ഗതികളെയും കോൺഗ്രസ് ഉൾക്കൊണ്ടു.
4. രീതികൾ, നയങ്ങൾ, പരിപാടികൾ എന്നിവ സംബന്ധിച്ച് വ്യത്യാസങ്ങൾ ഉണ്ടായിരുന്നുവെങ്കലും കോൺഗ്രസിന് അതിനകത്ത് അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കാനും ഒരു സമവായം ഉണ്ടാക്കാനും കഴിഞ്ഞിരുന്നു

19. Discuss the context of Forth general elections of India, 1967?

**1967** ലെ നാലാം പൊതുതെരെഞ്ഞെടുപ്പ് കാലത്ത് ഇന്ത്യയിൽ നിലനിന്നിരുന്ന സാഹചര്യങ്ങൾ വിശദീ കരിക്കുക?

| CONTEXT OF THE ELECTON 1967 |
|---|
| **Economic Crisis** – Worst Economic situation due to the Indo-China war 1962 & India –Pak war 1965– Failure of Monsoons, decline in agricultural production, food shortage, drop in industrial production - Devaluation of Rupees from Rs.5 to 7 |
| **Price rise** of essential commodities & Popular protests against rising prices, food shortage and unemployment Ram Manohar Lohia called for Non Cogressism |
| **Armed agrarian struggles** – CPI (Marxist – Leninist) ie. Naxalite Movement |
| **Hindu – Muslim riots** increased |
| **Unity in the opposition** parties – Opposition formed Grand Alliance – The SSP, PSP, Bharatiya Jana Sangh, Swathantra Party and Bharatiya Kranti Dal came together under this Umbella |

| 1967 ലെ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലം |
|---|
| സാമ്പത്തിക പ്രതിസന്ധി - മോശമായ സാമ്പത്തിക സാഹചര്യം – കാലവർഷം തുടർച്ചയായി ഇല്ലാതായത്, കാർഷിക ഉത്പാദനത്തിലെ ഇടിവ്, ഗുരുതരമായ ഭക്ഷ്യ ക്ഷാമം, വ്യാവസായികോല്പാദനം കുറഞ്ഞു, സൈനിക ചെലവ് വർദ്ധിച്ചു<br>രൂപയുടെ മൂല്യം അഞ്ചിൽ നിന്ന് 7 ആയി കുറച്ചു |
| വിലകയറ്റവും ജനകീയപ്രതിഷേധങ്ങളും - ആവശ്യവസ്തുക്കളുടെ വിലവർധനക്കെതിരായും ഭക്ഷ്യക്ഷാമത്തിനെതിരായും വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്കെതിരായും രാഷ്ട്രീയപക്ഷോഭം വളർന്നുവന്നു. റാം മനോഹർ ലോഹ്യ കോൺഗ്രസിതരത്വം എന്ന ആശയം മുന്നോട്ട് വച്ചു. |

| |
|---|
| കർഷക പ്രക്ഷോഭങ്ങളും മാർക്സിസ്റ്റ് ലെനിനിസ്റ്റ് സായുധ സമരങ്ങളും ശക്തിപ്പെട്ടു |
| ഹിന്ദു മുസ്ലിം വർഗീയ ലഹളകൾ വർദ്ധിച്ചു |
| പ്രതിപക്ഷ ഐക്യം - പ്രതിപക്ഷം മഹാസഖ്യം രൂപീകരിച്ചു. |

20. Explain the integration of princely state of Hyderabad to the Indian Union?
ഹൈദരാബാദ് എന്ന നാട്ടുരാജ്യത്തിന്റെ ഇന്ത്യൻ യൂണിയനിലേക്കുള്ള ലയനം വിശദീകരിക്കുക?

**INTEGRATION OF HYDERABAD**

- Hyderabad was a largest princely state of India
- The ruler of Hyderabad was called **'Nizam'**
- After independence Hyderabad wanted to retain as an independent state inside India.
- **Nizam signed Standstill Agreement** with India.
- Meanwhile a people's movement against Nizam's rule gathered force in Hyderabad.
- The farmers, Women, Communists joined this agitation.
- Nizam tried to suppress the movement by his Para-Military force called Razakars.
- When the situation becomes unbearable Indian government decided to interfere.
- Ultimately the central government had to order the army to tackle and Indian army entered Hyderabad.
- Nizam surrendered and Hyderabad was merged to India.

**ഹൈദരാബാദിന്റെ ലയനം**

- ഇന്ത്യയിലെ ഏറ്റവും വലിയ നാട്ടുരാജ്യമായിരുന്നു ഹൈദരാബാദ്.
- ഹൈദരാബാദിലെ ഭരണാധികാരിയായിരുന്നു നൈസാം.
- സ്വാതന്ത്ര്യാനന്തരം ഹൈദരാബാദ് നാട്ടുരാജ്യമായി നിൽക്കാൻ ആഗ്രഹിക്കുകയും ഇന്ത്യയുമായി 'സ്തംഭനാവസ്ഥ കരാർ' ഒപ്പ് വെക്കുകയും ചെയ്തു.
- നൈസാമിന്റെ ഭരണത്തിനെതിരെ സ്ത്രീകളും കർഷകരും കമ്മ്യൂണിസ്റ്റ്കാരും കോൺഗ്രസുകാരും ശക്തമായ പ്രക്ഷോഭം ആരംഭിച്ചു.
- പ്രക്ഷോഭത്തെ നൈസാം റസാക്കർമാർ എന്ന തന്റെ സൈന്യത്തെ വെച്ച് നേരിട്ടു.
- ഈ സാഹചര്യത്തിൽ സൈന്യം ഹൈദരാബാദിൽ പ്രവേശിച്ചു.
- ഇന്ത്യൻ സൈന്യവും നൈസാമിന്റെ സൈന്യവും ഏറ്റുമുട്ടി.
- ഒടുവിൽ നൈസാം കീഴടങ്ങി.
- നൈസാം ഇന്ത്യയുമായി ലയനക്കരാർ ഒപ്പ് വെച്ചു. ഹൈദരാബാദ് ഇന്ത്യയുടെ ഭാഗമായി.

21. Bring out major differences in the objectives of First and second five year plan?
ഒന്നാം പഞ്ചവത്സര പദ്ധതിയുടെയും രണ്ടാം പഞ്ചവത്സര പദ്ധതിയുടെയും പ്രധാന ലക്ഷ്യങ്ങളിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുക?

| FIRST FIVE YEAR PLAN | SECOND FIVE YEAR PLAN |
|---|---|
| 1951-56 | 1956-61 |
| Plan drafted by KN Raj | Plan drafted by PC Mahalanobis |
| Known as Agricultural Plan<br>To invest in dams and irrigation to improve the agricultural sector | Known as Industrial Plan |
| Hasten Slowly | Aimed Rapid Growth |
| Given priority to agriculture & Focused on land reforms for the development in rural areas | Given Priority to Heavy Industrialisation<br>Wanted to bring structural trasfromation in all possible directions |

| | |
|---|---|
| Huge allocation were made for large scale projects. Bhakranakal, Hirakud dams were constructed during this plan | Huge amounts were allocated in the sectors like Electricity, Iron & steel, Refineries, Railway |

| <u>ഒന്നാം പഞ്ചവത്സര പദ്ധതി</u> | <u>രണ്ടാം പഞ്ചവത്സര പദ്ധതി</u> |
|---|---|
| 1951-56 | 1956-61 |
| പദ്ധതി തയാറാക്കിയത് കെ.എൻ രാജ് | പി.സി മഹലാനോബിസ് ആണ് പ്ലാൻ തയാറാക്കിയത് |
| കാർഷിക പ്ലാൻ എന്നറിയപ്പെടുന്നു. കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനായി അണക്കെട്ടുകളിലും ജലസേചനത്തിലും നിക്ഷേപിക്കുക | വ്യവസായിക പ്ലാൻ എന്നറിയപ്പെടുന്നു |
| പതുക്കെ മുന്നേറുക എന്നതായിരുന്നു ലക്ഷ്യം | ത്വരിത ഗതിയിലുള്ള വളർച്ച എന്നതായിരുന്നു ലക്ഷ്യം |
| കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി. ഭൂപരിഷ്കരണം പോലെയുള്ള നയങ്ങൾക്ക് മുൻഗണന നൽകി | ഘന വ്യവസായങ്ങൾക്ക് ഊന്നൽ നൽകി. സാധ്യമായ എല്ലാ ദിശകളിലേക്കും ഘടനാപരമായ പരിവർത്തനം കൊണ്ടുവരാൻ ആഗ്രഹിച്ചു |
| വൻകിട പദ്ധതികൾക്ക് വൻതോതിലുള്ള വിഹിതം അനുവദിച്ചു . ഭക്രാനങ്കൽ, ഹിരാകുഡ് പോലെയുള്ള വലിയ അണക്കെട്ടുകൾ ഇക്കാലത്ത് നിർമ്മാണം തുടങ്ങി. | വൈദ്യുതി, റയിൽവെ, ഉരുക്ക് നിർമ്മാണം തുടങ്ങിയ മേഖലകളിൽ വലിയ മുതൽ മുടക്ക് നടത്തി |

22. What were the main factors responsible for the dominance of Congress Party in the first three general elections?

**ആദ്യത്തെ മൂന്ന് പൊതു തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് പാർട്ടിക്ക് ആധിപത്യം നേടാൻ സഹായിച്ച ഘടകങ്ങൾ ഏതൊക്കെയായിരുന്നു?**

**REASONS FOR CONGRESS DOMINATION**

- Legacy of the congress in the freedom struggle. Congress was identified with the freedom struggle for building national unity and solidarity.
- Congress was associated with the Mahatma Gandhi's name.
- Charismatic Leadership of Nehru, Sardar Patel etc.
- Congress had a strong organizational structure.
- Nationwide political party.
- Absence of strong opposition parties
- Ability to accommodate different factions and Interest. ie. Coalition Character.
- It had a broad based manifesto to include the various sections od society.
- Advantages of Relative Majority System.

**കോൺഗ്രസ് മേധാവിത്വത്തിന്റെ കാരണങ്ങൾ**

- സ്വാതന്ത്ര്യ സമരത്തിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പങ്ക്.
- മഹാത്മാഗാന്ധിക്ക് കോൺഗ്രസുമായുള്ള ബന്ധം
- നെഹ്റുവിന്റെ നേതൃത്വം.
- രാജ്യത്താകെ വേരുകളുള്ള പാർട്ടി.
- കോൺഗ്രസിന്റെ പാർട്ടി കെട്ടുറപ്പ്
- കെട്ടുറപ്പുള്ള മറ്റു പാർട്ടികളുടെ അഭാവം.
- എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ഒരു പ്രകടനപത്രിക ഉണ്ടായിരുന്നു
- എല്ലാ വിഭാഗം ജനങ്ങളേയും ഉൾകൊള്ളാനുള്ള സംഘടനാ ശേഷി.
- കേവല ഭൂരിപക്ഷം സമ്പ്രദായത്തിന്റെ ആനുകൂല്യം.

**Answer any 4 questions from 23 to 27. Each carries 5 scores.**

**23 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം**

23. What is Green Revolution? Explain its consequences?
**എന്താണ് ഹരിത വിപ്ലവം? അതിന്റെ അനന്തര ഫലങ്ങൾ എന്തെല്ലാമായിരുന്നു?**

In the 1960s food crisis became acute. As a results of the acute food shortage, Bihar famine the Govt. was forced to take some Initiatives in the agricultural sector.

**Green Revolution** was introduced to bring about revolutionary changes in agriculture to increase production, especially in food grains like Wheat and Rice.

| GREEN REVOLUTION<br>STRATEGY TO ENSURE FOOD SUFFICIENCY |
|---|
| Land Reforms – Land were given to Tenants who worked on other's land |
| Better irrigation facilities were introduced |
| Introduced High Yielding Verity Seeds |
| Fertilizers and Pesticides were also introduced |
| The Govt. declared support price to farmers |
| Provision for Agricultural Loans, Free Electricity introduced |
| Encouraged mechanization in agriculture |

| POSITIVE EFFECTS OF GREEN REVOLUTION |
|---|
| Ensure food Sufficiency – Increased food production |
| Introduced High Yielding Variety Seeds |
| Introduced scientific irrigation facilities |
| Govt. introduced floor prices |
| Introduced Land reforms – Abolished Zemindari System |
| Emerged a Middle Class Peasant Section |

| NEGATIVE EFFECTS OF GREEN REVOLUTION |
|---|
| The beneficiaries of the schemes were rich farmers and Land lords |
| Ignored other sectors of economy |
| This led to Polarization. Punjab, Haryana, Western Utter Pradesh became prosperous |
| Increased the contrast between the poor peasants and the prosperous land lords |
| Excessive use of fertilizers and pesticides spoiled the land – Ecological Degradation |

ബീഹാർ ക്ഷാമം, ഭക്ഷ്യപ്രതിസന്ധി എന്നിവ കാർഷിക രംഗത്ത് കൂടുതൽ ശ്രദ്ധ കൊടുക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചു.
ഹരിത വിപ്ലവം: ഭക്ഷ്യ സ്വയം പര്യാപ്തത ഉറപ്പുവരുത്താൻ ഇന്ത്യ ഗവൺമെന്റ് കാർഷിക രംഗത്ത് പുതിയൊരു തന്ത്രം ആവിഷ്കരിച്ചു. ഭക്ഷ്യ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള തീവ്ര ശ്രമങ്ങൾ രാജ്യത്ത് ഹരിത വിപ്ലവത്തിന് തുടക്കം കുറിച്ചു

| ഹരിത വിപ്ലവം<br>ഭക്ഷ്യ സുരക്ഷാ തന്ത്രം |
| --- |
| ഭൂപരിഷ്ക്കരണ നിയമം മൂലം കർഷകർക്ക് ഭൂമി ലഭിച്ചു |
| ജലസേചന സൗകര്യങ്ങൾ വിപുലപ്പെടുത്തി |
| അത്യുല്പാദന ശേഷിയുള്ള വിത്തുകൾ വികസിപ്പിച്ചെടുത്തു |
| രാസവളങ്ങൾ, കീടനാശിനികൾ എന്നിവ കൊണ്ടു വന്നു |
| കാർഷിക വിളകൾക്ക് താങ്ങു വില പ്രഖ്യാപിച്ചു |
| കാർഷിക വായിപ, സൗജന്യ വൈദ്യുതി, തുടങ്ങിയവ അനുവദിച്ചു |
| കൃഷി രംഗത്ത് യന്ത്രവത്കരണത്തെ പ്രോത്സാഹിപ്പിച്ചു |

| ഹരിതവിപ്ലവത്തിന്റെ നേട്ടങ്ങൾ |
| --- |
| ഭക്ഷ്യ സുരക്ഷ കൈവരിച്ചു. ഭക്ഷ്യോൽപാദനം കൂടി |
| അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ പരിചയപ്പെടുത്തി |
| ശാസ്ത്രീയ ജലസേചന സൗകര്യങ്ങൾ കൊണ്ടുവന്നു |
| ഗവൺമെന്റ് താങ്ങുവില പ്രഖ്യാപിച്ചു |
| ഭൂപരിഷ്ക്കരണ നിയമം പാസാക്കി ജമീന്ദാരി സമ്പ്രദായം അവസാനിപ്പിച്ചു |
| സമൂഹത്തിൽ കർഷകരുടെ ഒരു മധ്യവർഗ്ഗം രൂപപ്പെട്ടു |

| ഹരിത വിപ്ലവത്തിന്റെ പ്രത്യാഘാതങ്ങൾ |
| --- |
| ഇതിന്റെ ഗുണം ലഭിച്ചത് ജന്മിമാർക്കും സമ്പന്ന കർഷകർക്കുമാണ്. |
| കാർഷികേതര മേഖലകൾ അവഗണിക്കപെട്ടു. |
| ഇന്ത്യയിൽ പഞ്ചാബ് ഹരിയാന പടിഞ്ഞാറൻ യു പി തുടങ്ങിയ പ്രദേശങ്ങളിൽ മാത്രമേ സ്വാധീനം ഉണ്ടാക്കാൻ കഴിഞ്ഞുള്ളൂ. |
| ജന്മിമാർ അതി സമ്പന്നർ ആയപ്പോൾ സാധാരണ കർഷകർ ദാരിദ്രർ ആയി തുടർന്നു. |
| രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത പ്രയോഗം പരിസ്ഥിതി മലിനീകരണത്തിന് കാരണമായി. |

24. The Anti-Arrack movement was also a women movement. Why?
ചാരായ വിരുദ്ധ പ്രസ്ഥാനം ഒരു വനിതാ മുന്നേറ്റം കൂടിയായിരുന്നു. എന്തുകൊണ്ട്?

| | |
| --- | --- |
| **Anti-Arrack Movement** | • The women in Nellore district came forward to protest against arrack trade.<br>• The protest demanded the authorities to impose prohibition in the area.<br>• The women folk had to bear the brunt of violence meted out by their male members in family in the drunken melee.<br>• The campaign increased social awareness about women's problems.<br>• Women openly discussed the issues of domestic violence like dowry, sexual violence.<br>• Anti arrack movement provided a platform to discuss private issues of domestic violence.<br>• Women joined the campaign against dowry and personal property laws based on gender equality.<br>• The movement demanded equal representation to women in politics. Hence 73rd 74th amendments granted reservation to women in local level politics<br>• Thus it can be considered as a women's movement. |

25. Explain the features of first general election in India?
ഇന്ത്യയിലെ ആദ്യത്തെ തെരഞ്ഞെടുപ്പിന്റെ സവിശേഷതകൾ വിവരിക്കുക

## FEATURES OF FIRST GENERAL ELECTION

| |
|---|
| Election was conducted between 1951 October 1952 February |
| It took six months for campaigning, polling and counting to be completed |
| Delimitation of the constituencies were conducted firstly |
| Electoral Roll was prepared firstly |
| Eligible voters were 17 Crores |
| More than half of the Electorate casted their votes |
| Voters had elected 3200 MLAs & 489 Loksabha MPs |
| Literate voters were only 15% |
| Election was held on the basis of Universal Adult Franchise |
| Elections were competitive |
| Level of participation was encouraging |
| Separate ballot boxes with the symbols of every candidate |

## ഇന്ത്യയിലെ ആദ്യ തിരഞ്ഞെടുപ്പിന്റെ സവിശേഷതകൾ

| |
|---|
| 1951 ഒക്ടോബറിനും 1952 ഫിബ്രുവരിക്കും ഇടയിൽ ആദ്യ തിരഞ്ഞെടുപ്പ് നടന്നു. |
| ആദ്യമായി നിയോജക മണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയം വേണ്ടി വന്നു. |
| ആദ്യമായി വോട്ടർ പട്ടിക തയാറാക്കി |
| ആകെ 17 കോടി വോട്ടർമാർ. സാർവ്വത്രിക പ്രായപൂർത്തി അടിസ്ഥാനത്തിലായിരുന്നു വോട്ടെടുപ്പ് |
| പ്രാചാരണം, പോളിംഗ്, വോട്ടെണ്ണൽ എന്നിവയ്ക്ക് ആറ് മാസത്തോളം സമയമെടുത്തു |
| വോട്ടർമാരിൽ പകുതി പേർ വോട്ടവകാശം വിനിയോഗിച്ചു. വോട്ടർമാരുടെ പ്രതികരണം ആശാവഹമായിരുന്നു |
| 3200 നിയമസഭാ അംഗങ്ങളെയും 489 ലോക്സഭാ അംഗങ്ങളെയും തിരഞ്ഞെടുക്കണം. തെരഞ്ഞെടുപ്പ് മത്സരാധിഷ്ഠിതമായിരുന്നു |
| 15% വോട്ടർമാർ മാത്രം സാക്ഷരർ. |
| ഇത്രയും വലിയൊരു രാജ്യത്ത് വോട്ടെടുപ്പ് ആദ്യം. |
| ബാലറ്റ് പേപ്പർ നിക്ഷേപിക്കാൻ ബൂത്തിൽ ഓരോ സ്ഥാനാർത്ഥിക്കും ഓരോ പെട്ടി. |

26. Examine the incidents and circumstances that led to the split in the congress in 1969?
കോൺഗ്രസ് 1969 ൽ പിളരാനുണ്ടായ സംഭവങ്ങളും സാഹചര്യങ്ങളും പരിശോധിക്കുക?

## PRESEDENTIAL ELECTON 1969 & FORMAL SPLIT IN THE CONGRESS

The formal split in the Congress took place in 1969 on the issue of nomination of the candidate during president election.

On President Zakir Hussain’s death a new President had to be elected

The Syndicate Congress nominated **N Neelam Sanjeeva Reddy**
as the Presidential Candidate

Indira Gandhi asked the Vice President **VV Giri** to file his nomination as an independent candidate

The Congress president S Nijalingappa issued Whip to all MPs and MLAs asked to vote for Neelam Sanjeeva Reddy

Indira Gandhi openly called for conscience vote and supported VV Giri

In this election VV Giri elected as the President of India

Sanjeeva Reddy, the official candidate of the Congress was defeated

The defeat of the Neelam Sanjeeva Reddy formalized the split of the Congress into two

The Congress led by the Syndicate came to be known as **Congress (O)** &
Indira Gandhi group to be called **Congress (R).**

## 1969 ലെ പ്രസിഡണ്ട് തെരഞ്ഞെടുപ്പും കോൺഗ്രസ്സിലെ പിളർപ്പും

1969-ൽ രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്യുന്നതിനെച്ചൊല്ലിയാണ് കോൺഗ്രസിൽ ഔപചാരികമായി പിളർപ്പ് ഉണ്ടായത്.

രാഷ്ട്രപതിയായിരുന്ന സക്കീർ ഹുസൈന്റെ മരണ ശേഷം പുതിയ പ്രസിഡണ്ടിനെ തിരഞ്ഞെടുക്കേണ്ടി വന്നു.

ഇന്ദിരാ ഗാന്ധിയുടെ ശക്തമായ എതിർപ്പ് അവഗണിച്ച് നീലം സഞ്ജീവ റെഡ്ഡിയെ സിൻഡിക്കേറ്റ് വിഭാഗം സ്ഥാനാർത്ഥിയാക്കി.

വി.വി ഗിരി ഇന്ദിര പക്ഷത്തിന്റെ സ്ഥാനാർത്ഥിയായി.

ഇരു വിഭാഗവും വിട്ടുവീഴ്ചക്ക് തയ്യാറായില്ല .പാർട്ടി സഞ്ജീവ റെഡ്ഢിക്ക് വോട്ട് ചെയ്യാൻ വിപ്പ് നൽകി.

അതേസമയം ഇന്ദിരാ ഗാന്ധി മനസാക്ഷി വോട്ടിനു ആഹ്വാനം ചെയ്തു. ഇന്ദിരാ വിഭാഗം AICC യുടെ പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കാൻ ആവശ്യപ്പെട്ടു. ആ ആവശ്യം പാർട്ടി തള്ളി

തിരഞ്ഞെടുപ്പിൽ വി വി ഗിരി ജയിച്ചു.

പാർട്ടിയുടെ ഔദ്യോഗിക സ്ഥാനാർത്ഥി
സഞ്ജീവ റെഡ്ഡി തോറ്റു.

പാർട്ടി സ്ഥാനാർത്ഥി പരാജയപ്പെട്ടതോടെ കോൺഗ്രസിലെ പിളർപ്പ് പൂർണ്ണമായി.

ഔദ്യോഗിക വിഭാഗം സംഘടന കോൺഗ്രസ് (Congress O) എന്നും
ഇന്ദിരാ വിഭാഗം റിക്വസിഷനിസ്റ്റുകൾ (Congress R) എന്നും അറിയപ്പെട്ടു.

27. Explain the role of 1971 war in the formation of Bangladesh?
ബംഗ്ലാദേശിന്റെ രൂപീകരണത്തിൽ 1971 ലെ യുദ്ധത്തിനുള്ള പങ്ക് വിശദമാക്കുക?

### BANGLADESH WAR - 1971

- In 1970 election, Pakistan faced its biggest crisis in the way for a spit verdict. Sulfikar ali Butto's party emerged as the winner in the West Pakistan while Awamy league led by Sheik Mujeeb Rahman swept through East Pakistan.
- The Bengali population of East Pakistan had voted to protest against the discriminatory attitudes of the West Pakistan. The Pakistani Leaders did not accept the people's verdict.
- In 1971 Pak army arrested Mujeeb Rahman and unleashed a terror on East Pakistan.
- This started people's stuggle to liberate Bangladesh form Pakistan. **A Free Bangladesh**
- India had to bear 80 lakh of refugees who fled from East Pakistan to take shelter. Hence India extended moral and material support to the freedom sruggle.
- A full scale war between India and Pakistan broke out.
- The USA and China rushed to help Pakistan.To Counter this move India signed a 20 years Treaty of Friendship with the USSR.
- In 1971 a full scale war broke out between India and Pakistan.
- Within ten days Indian army surrounded Dhaka on three sides and Pakistan had to surrender with Bangladesh as a free country.
- India declared a unilateral ceasefire and Shimla agreement was signed by Indira Gandhi and Zulfikar Ali Bhuto in 1972
- Most of the people in India saw this moment as a glory of India and a clear sign of India's growing military power.

### 1971 ലെ ബംഗ്ലാദേശ് യുദ്ധം

- 1970-ലെ തിരഞ്ഞെടുപ്പിൽ പാകിസ്ഥാൻ ഏറ്റവും വലിയ പ്രതിസന്ധി നേരിട്ടു. പശ്ചിമ പാകിസ്ഥാനിൽ സുൽഫിക്കർ അലി ഭൂട്ടോയുടെ പാർട്ടി വിജയിച്ചു, ഷെയ്ഖ് മുജീബ് റഹ്മാന്റെ നേതൃത്വത്തിലുള്ള അവാമി ലീഗ് കിഴക്കൻ പാകിസ്ഥാനിൽ ആധിപത്യം സ്ഥാപിച്ചു.
- കിഴക്കൻ പാകിസ്ഥാനിലെ ബംഗാളി ജനത പശ്ചിമ പാകിസ്ഥാന്റെ വിവേചനപരമായ മനോഭാവങ്ങൾക്കെതിരെ പ്രതിഷേധിച്ച് വോട്ട് ചെയ്തു. ജനങ്ങളുടെ വിധി പാകിസ്ഥാൻ നേതാക്കൾ അംഗീകരിച്ചില്ല.
- 1971-ൽ പാകിസ്ഥാൻ സൈന്യം മുജീബ് റഹ്മാനെ അറസ്റ്റ് ചെയ്യുകയും കിഴക്കൻ പാകിസ്ഥാനിൽ ഭീകരത അഴിച്ചുവിടുകയും ചെയ്തു.
- ഇത് പാകിസ്ഥാനിൽ നിന്ന് ബംഗ്ലാദേശിനെ മോചിപ്പിക്കാൻ ജനങ്ങളുടെ പോരാട്ടത്തിന് തുടക്കമിട്ടു. ഒരു സ്വതന്ത്ര ബംഗ്ലാദേശ്
- കിഴക്കൻ പാകിസ്ഥാനിൽ നിന്ന് അഭയം തേടി പലായനം ചെയ്ത 80 ലക്ഷം അഭയാർത്ഥികളെ ഇന്ത്യയ്ക്ക് സഹിക്കേണ്ടി വന്നു. അതിനാൽ സ്വാതന്ത്ര്യ സമരത്തിന് ഇന്ത്യ ധാർമ്മികവും ഭൗതികവുമായ പിന്തുണ നൽകി.
- ഇന്ത്യയും പാകിസ്ഥാനും തമ്മിൽ പൂർണ്ണ തോതിലുള്ള യുദ്ധം പൊട്ടിപ്പുറപ്പെട്ടു.
- യുഎസ്എയും ചൈനയും പാകിസ്ഥാനെ സഹായിക്കാൻ തിരക്കുകൂട്ടി. ഈ നീക്കത്തെ ചെറുക്കാൻ ഇന്ത്യ സോവിയറ്റ് യൂണിയനുമായി 20 വർഷത്തെ സൗഹൃദ ഉടമ്പടിയിൽ ഒപ്പുവച്ചു.
- 1971-ൽ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഒരു പൂർണ്ണ തോതിലുള്ള യുദ്ധം പൊട്ടിപ്പുറപ്പെട്ടു.
- പത്ത് ദിവസത്തിനുള്ളിൽ ഇന്ത്യൻ സൈന്യം ധാക്കയെ മൂന്ന് വശങ്ങളിൽ നിന്ന് വളഞ്ഞു, പാകിസ്ഥാൻ ബംഗ്ലാദേശ് സ്വതന്ത്ര രാജ്യമായി കീഴടങ്ങേണ്ടിവന്നു.
- ഇന്ത്യ ഏകപക്ഷീയമായ വെടിനിർത്തൽ പ്രഖ്യാപിക്കുകയും 1972-ൽ ഇന്ദിരാഗാന്ധിയും സുൽഫിക്കർ അലി ഭൂട്ടോയും സിംല കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തു.
- ഇന്ത്യയിലെ ഭൂരിഭാഗം ആളുകളും ഈ നിമിഷത്തെ ഇന്ത്യയുടെ മഹത്വമായും ഇന്ത്യയുടെ വളർന്നുവരുന്ന സൈനിക ശക്തിയുടെ വ്യക്തമായ അടയാളമായും കണ്ടു.

**Answer any 2 questions from 28 to 30. Each carries 8 scores.**

**28 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക. 8 സ്കോർ വീതം.**

28. Explain the process and consequences of the partition of India?
ഇന്ത്യൻ വിഭജനത്തിന്റെ പ്രക്രിയയും പ്രത്യാഘാതങ്ങളും വിശദീ കരിക്കുക?

### PARTITION OF INDIA

Partition of India was the outcome of the **"Two Nation Theory"**. The Two nation theory demended to create a **separate country for Mulsims**. Pakistan will comprise two territories, I.e **West and East Pakistan**. The Partition was realized as per the **Mount Batten Plan**. The Partition of India in 1947 was most abrupt and unplanned which created and spread communal riots.

## The process of partition faced different kinds of difficulties

Areas were supposed to be distributed on the basis of religious majority. **No Belt of Muslim majority was found anywhere in British India**. There were two areas of Muslim concentration. One was in the east and one was in the west. Joining the two was impossible. It created communal riots too.

**Not all Muslim majority areas wanted to be in Pakistan**. It was opposed in North Western Frontier Provinces. Khan Abdul Gaffar Khan of North Western Frontier Provinces staunchly opposed the partition of India.

**Punjab & Bengal, two Muslim majority provinces had non-Muslim belt where the Hindus formed the majority**. So it was decided to divide these two provinces according to religious majority at different levels.

**The Unsolved problems of the minorities on both sides of the boarder**. Lakhs of Hindus and Sikhs found themselves trapped in Pakistan. Lakhs of Hindus, Muslims and Sikhs were forced to leave the Country. The minorities on both sides were attacked.

### CONSEQUENCES OF PARTITION

- Tragic transfer of population in the history. Around 80 Lakhs of people were migrated.
- People went through social sufferings and forced to leave the country and became refugees. Leaving behind all their savings.
- Lahore, Amritsar, Calcutta became Communal Zones. The Muslims would keep away from areas where Hindus and Sikhs lived.
- The agony and misery of the people fleeing across the border. The journey across the border was painful. Thousands of women were abducted on both sides of the boarder.
- Communal riots took place.10 Lakhs of people were ruthlessly killed.
- Those who got across the border realized that on the new land they had no houses of their own.
- The partition did not only divide property, assets and liabilities but also the government employees and railways. Indian economy bacame an Amputated Economy.
- Demands had come, India could be converted into a Hindu Nation.
- Partition paved way for a demand of Sikh Nation
- Mahathma Gandhi killed.

**'Partition is the Division of Hearts'**

### ഇന്ത്യാ വിഭജനം

"ദ്വിരാഷ്ട്ര സിദ്ധാന്ത"ത്തിന്റെ ഫലമായിരുന്നു ഇന്ത്യയുടെ വിഭജനം. മുസ്ലീങ്ങൾക്ക് ഒരു പ്രത്യേക രാജ്യം സൃഷ്ടിക്കുന്നതിനാണ് ദ്വിരാഷ്ട്ര സിദ്ധാന്തം ആഹ്വാനം ചെയ്തത്. പാകിസ്ഥാൻ രണ്ട് പ്രദേശങ്ങൾ ഉൾക്കൊള്ളും, അതായത് പടിഞ്ഞാറൻ പാകിസ്ഥാൻ, കിഴക്കൻ പാകിസ്ഥാൻ. മൗണ്ട് ബാറ്റൺ പദ്ധതി പ്രകാരമാണ് വിഭജനം നടന്നത്. 1947 ലെ ഇന്ത്യാ വിഭജനം വളരെ പെട്ടെന്നുള്ളതും ആസൂത്രിതമല്ലാത്തതുമായിരുന്നു, അത് വർഗീയ കലാപങ്ങൾ സൃഷ്ടിക്കുകയും വ്യാപിപ്പിക്കുകയും ചെയ്തു

## ഇന്ത്യ പാകിസ്ഥാൻ വിഭജന പ്രക്രിയയിലെ പ്രതിസന്ധികൾ

ബ്രിട്ടീഷ് ഇന്ത്യയിൽ മുസ്ലിംങ്ങൾക്ക് ഭൂരിപക്ഷമുള്ള ഒരു മേഖലയുണ്ടായിരുന്നില്ല. **മതവിഭാഗങ്ങളുടെ ഭൂരിപക്ഷം നോക്കിയായിരുന്നു പ്രദേശങ്ങളെ ഇന്ത്യക്കും പാകിസ്ഥാനുമിടയിൽ വീതം വെച്ചിരുന്നത്**. മുസ്ലീങ്ങൾ കേന്ദ്രീകരിച്ചിരുന്ന രണ്ടു മേഖലയെ ഉണ്ടായിരുന്നുള്ളൂ. ഒന്ന് പശ്ചിമേന്ത്യയിലും ഒന്ന് പൂർവേന്ത്യയിലും. ഈ രണ്ടു മേഖലകളെ പരസ്പരം യോജിപ്പിക്കുക സാധ്യമായിരുന്നില്ല.

മുസ്ലീം ഭൂരിപക്ഷ മേഖലകൾ പാകിസ്ഥാനിൽ ചേരാൻ ആഗ്രഹിച്ചിരുന്നില്ല. വടക്ക് പടിഞ്ഞാറൻ അതിർത്തി പ്രദേശങ്ങൾ പാകിസ്ഥാനോടൊപ്പം ചേരാൻ മടിച്ചു. അതിർത്തി ഗാന്ധി എന്നറിയപ്പെടുന്ന ഖാൻ അബ്ദുൽ ഗഫ്ഫാർ ഖാൻ രാഷ്ട്ര സിദ്ധാന്തത്തിന് തീർത്തും എതിരായിരുന്നു.

ബ്രിട്ടീഷ് ഇന്ത്യയിലെ മുസ്ലീം ഭൂരിപക്ഷ കേന്ദ്രങ്ങളായ പഞ്ചാബിലും ബംഗാളിലും മുസ്ലീങ്ങൾ അല്ലാത്തവർ ഭൂരിപക്ഷം വരുന്ന മേഖലകൾ ഉണ്ടായിരുന്നു. ഒടുവിൽ ഈ രണ്ട് സംസ്ഥാനങ്ങളും വിഭജിക്കാൻ തീരുമാനിച്ചു. സ്വാതന്ത്ര്യ ദിനത്തിൽ പോലും ഇവിടെയുള്ളവർക്ക് താങ്ങൾ ഇന്ത്യക്കാരാണോ പാക്കിസ്ഥാനികളാണോ എന്ന് അറിയാൻ കഴിഞ്ഞില്ല.

അതിർത്തിയുടെ ഇരു ഭാഗത്തുമുണ്ടായിരുന്ന ന്യൂനപക്ഷങ്ങളുടെ ദുരിതങ്ങൾ പരിഹരിക്കാൻ സാധിക്കാതെ വന്നത്. ലക്ഷക്കണക്കിന് ഹിന്ദു മുസ്ലിം സിഖ് ജനവിഭാഗങ്ങൾ അവരവരുടെ രാജ്യം വിടാൻ നിർബന്ധിതരായി. അതിർത്തിയുടെ ഇരുവശങ്ങളിലും പെട്ടുപോയ ന്യൂനപക്ഷങ്ങൾ ശരിക്കും കെണിയിൽപ്പെട്ട അവസ്ഥയിലായി. തങ്ങളും, തങ്ങളുടെ പൂർവികരും ജനിച്ചു വളരുകയും ജീവിക്കുകയും ചെയ്തു പോന്ന നാട്ടിൽ പെട്ടെന്ന് അവർ അന്യരായി.

## വിഭജനത്തിന്റെ പ്രത്യാഘാതങ്ങൾ

'ഹൃദയങ്ങളുടെ വിഭജനം'

- ദുരന്ത പൂർണ്ണമായ ജനതാ കൈമാറ്റം.
- ചരിത്രത്തിലെ ഏറ്റവും വലിയ അഭയാർത്ഥി പ്രവാഹം
- ലാഹോർ, അമൃതസർ, കൊൽക്കത്ത എന്നിവ കമ്യൂണൽ സോണുകളായി.
- അഭയാർത്ഥികൾ അക്രമത്തിന് ഇരയായി. അതിർത്തിക്കപ്പുറത്തും ഇപ്പുറത്തും കൂട്ടക്കൊലകളും അതിക്രമങ്ങളും ഉണ്ടായി.
- ഏകദേശം 80 ലക്ഷം പേർ ഇരു രാജ്യങ്ങളിലേക്കുമായി കുടിയേറി.
- അതിർത്തി കടന്ന് പലായനം ചെയ്യുന്ന ആളുകളുടെ യാതനയും ദുരിതവും. അതിർത്തി കടന്നുള്ള യാത്ര വേദനാജനകമായിരുന്നു.
- അതിർത്തിയുടെ ഇരുവശത്തുനിന്നും ആയിരക്കണക്കിന് സ്ത്രീകളെ തട്ടിക്കൊണ്ടുപോയി
- ഒരുവിധത്തിൽ അതിർത്തിക്കപ്പുറത്ത് എത്തിപ്പെട്ടവരാകട്ടെ താമസസൗകര്യമില്ലാതെ കഷ്ടപ്പെട്ടു.
- പത്തു ലക്ഷത്തോളം ആളുകൾ കൊല്ലപ്പെട്ടു. മതത്തിന്റെ പേരിൽ ജനങ്ങൾ പരസ്പരം നിർദയം കൊന്നു
- ഒന്നിച്ച് ജീവിച്ചിരുന്ന സമൂഹത്തിന്റെ ഹിംസാത്മകമായ വിഭജനം കൂടിയായിരുന്നു.
- വിഭജനം സ്വത്ത്, ആസ്തികൾ, ബാധ്യതകൾ എന്നിവ മാത്രമല്ല, സർക്കാർ ജീവനക്കാരെയും റെയിൽവേയെയും വിഭജിച്ചു. വിഭജനം ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയെ ദോഷകരമായി ബാധിച്ചു.
- റെയിൽവേ ജീവനക്കാരും ഗവൺമെന്റ് ജീവനക്കാരും വിഭജിക്കപ്പെട്ടു.
- ഇന്ത്യയെ ഹിന്ദു രാഷ്ട്രമാക്കി പ്രഖ്യാപിക്കണമെന്ന് ചില സംഘടനകൾ ആവശ്യപ്പെട്ടു. സിഖ് രാഷ്ട്രം എന്ന വാദത്തിനു അടിത്തറ പാകി.
- മഹാത്മാ ഗാന്ധി കൊല്ലപ്പെട്ടു.

29. Explain the causes which led to the declaration of emergency in India and explain the consequences of Emergency?
**ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിന്റെ കാരണങ്ങളും അടിയന്തരാവസ്ഥയുടെ പ്രത്യാഘാതങ്ങളും വിശദമാക്കുക?**

## EMERGENCY

### Introduction - Declaration of the Emergency

The Congress Party which was restored after 1971 was entirely different form the old party. Normally the term emergency is associated with war, aggression or national disaster. But emergency declared in India was entirely different from all of them.

On the recommendation of the Prime minister, the President Fakruddin Ali Ahamed imposed emergency under 352 article of the Constitution on 25 th June 1975

### BACKGROUND TO EMERGENCY

| | |
|---|---|
| **Economic Context** | Bangladesh War led to Financial Crisis |
| | Oil price sky rocketed |

| | |
|---|---|
| | Industrial grown declined |
| | Unemployment increased |
| | Price rise of essential goods |
| | Everywhere in the country there was discomfort and dissatisfaction. |
| **Political Context** | Emergence of Indira Gandhi as towering leader |
| | Power politics become personalized |
| | Governmental authority was converted into personalization |
| | Bitter party competition |
| **Political Protests** | **Bihar Protests** – Jayaprakash Narayan led the movement- He Called for Total Revolution –Bihar movement assumed a political Character and national appeal - Bandh, gheraos, strikes were organized in protest |
| | **Gujrat Protests** – Morarji Desai declared that he would go on indefinite fast if fresh election were not held – Under pressure fresh election were held in Gujarat, Congress was thoroughly defeated. |
| | **Reason**: Protested against rising prices, inflation, food shortage, Unemployment and Corruption in high places |
| **Railway Strike** | The railway strike of 1974 was called by National Coordination Committee led by George Fernandez for pressing their demand related to bonus and service conditions, adding to the atmosphere of labour unrest in the country |
| **Conflict with the Judiciary** | The conflicts with the judiciary led to a crisis which culminated in the Kesavantha Bharati case – The Supreme Court made clear statement about the Basic structure of the constitution – Soon after the verdict in the Kesavanantha Bharati case there came a vacancy in the post of Chief Justice of India – **AN Ray** was appointed as Chief Justice of India overlooking the seniority of three Judges.<br><br>**Controversy on the Appoimtment of AN Ray**<br>It became political controversial because in this appointment the government set aside the seniority of the Judges who had given ruling against the stand of government. |
| **Verdict of the Allahabad High Court** | The Allahabad High court declared Indira Gandhi's election to Lok sabha invalid. She was barred from contesting elections for six years. |
| **JP's Rally** | JP called for a nationwide sathyagraha for Indira Gandhi's resignation – He appealed to the people not to obay illegal nad immoral orders. He arranged a massive demonstration at Delhi Ramlila on 25 June 1975 |

## CONSEQUECES OF THE EMERGENCY

**Effects on Civil Liberties of citizen**

- Leaders and workers of the opposition parties were arrested
- Wide spread arrest took place all over India
- Strikes were banned
- Emergency brought Protests and agitation to a standstill
- Fundamental rights were suspended even move to the court for restoration of fundamental rights.
- Preventive detention was restored to in walk of life

**Constitutional Amendments**

- The Parliament passed 42nd amendment of the Constitution
- Amendment declaring that election of Prime Minister, President and Vice President could not be challenged in the court.
- Duration of the legislatures can be postponed by one year during an emergency.

**Functioning of Mass Media**

- Freedom of press were suspended – Censorship imposed
- RSS & Jamait e Islami were banned
- Kannada writer Shivarama Karanth awarded with Padma Bhushan and Hindi writer Fanishwarnath Renu with Padmashri returned their awards in protest against emergency.
- Newspapers Indian Express and the Statesman pretested against censorship by leaving blank space where news items were censored.

**Findings of Shah Commission**

- Hundreds of people were compelled for sterilization
- Slum at Turkman Gate demolished forcefully
- One Lakh eleven thousand people were attested
- Press censorship took place without any proper legal sanctions

### അടിയന്തരാവസ്ഥ – 1975

1967 നു ശേഷം ഇന്ത്യൻ രാഷ്ട്രീയത്തിൽ നിർണ്ണായകമായ പല മാറ്റങ്ങളും ഉണ്ടായി ഇന്ദിരാ ഗാന്ധി പലരെയും വെല്ലുന്ന ഒരു നേതാവായി മാറിയിരുന്നു. കടുത്ത കക്ഷി രാഷ്രീയത്തിന്റെ കാലം കൂടിയായിരുന്നു ഇത്. 1975 ജൂൺ 25 ന് ഭരണ ഘടനയുടെ Art 352 പ്രകാരം രാഷ്ട്രപതി ഫക്രുദ്ധീൻ അലി അഹമ്മദ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

## അടിയന്തരാവസ്ഥയുടെ പശ്ചാത്തലം

| | |
|---|---|
| സാമ്പത്തിക പശ്ചാത്തലം | ബംഗ്ലാദേശ് യുദ്ധം സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കി |
| | എണ്ണവില വർദ്ധനവ് |
| | വ്യാവസായിക മുരടിപ്പ് |
| | തൊഴിലില്ലായ്മ രൂക്ഷമായി |
| | ആവശ്യ സാധനങ്ങളുടെ വിലക്കയറ്റം |
| | നിലവിലുള്ള സാമ്പത്തിക സാഹചര്യത്തിൽ ഇന്ത്യയിലാകെ ജനങ്ങളിൽ അതൃപ്തി വളർന്നു |
| രാഷ്ട്രീയ സാഹചര്യം | കക്ഷിരാഷ്ട്രീയം ധ്രുവീകരിച്ചു |
| | കടുത്ത കക്ഷിരാഷ്ട്രീയ മത്സരം അക്കാലത്ത് ഉണ്ടായിരുന്നു |

| | |
|---|---|
| | ഇന്ദിരാഗാന്ധിയെന്ന ശക്തയായ പാർട്ടി നേതാവിന്റെ ഉദയം. |
| | രാഷ്ട്രീയം തീർത്തും വെക്ത്യാധിഷ്ഠിതമായി മാറി. ഗവൺമെന്റിന്റെ അധികാരം ഒരു വ്യക്തിയുടെ അധികാരപ്രയോഗമായി മാറി |
| രാഷ്ട്രീയ പ്രക്ഷോഭങ്ങൾ | ബീഹാർ പ്രക്ഷോഭം: ബീഹാർ പ്രക്ഷോഭത്തെ ജയപ്രകാശ് നാരായണൻ നയിച്ചു - അദ്ദേഹം സമ്പൂർണ്ണ വിപ്ലവത്തിന് ആഹ്വാനം ചെയ്തു - ബിഹാർ പ്രക്ഷോഭം ദേശീയ രാഷ്ട്രീയത്തിൽ തന്നെ വലിയ പ്രത്യാഘാതം ഉണ്ടാക്കി – ബന്ദ്, സമരങ്ങൾ, ഖരാവോ എന്നിവ പ്രക്ഷോഭത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടു. |
| | ഗുജ്റാത്ത് പ്രക്ഷോഭം: ഗുജറാത്തിൽ തെരഞ്ഞെടുപ്പ് നടത്തിയില്ലെങ്കിൽ മൊറാർജി ദേശായി അനിശ്ചിതകാല നിരാഹാരം അനുഷ്ഠിക്കുമെന്ന് മുന്നറിയിപ്പ് നൽകി - കടുത്ത സമ്മർദ്ദത്തിനൊടുവിൽ ഗുജറാത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു - ആ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പൂർണമായും പരാജയപ്പെട്ടു. |
| | വിലക്കയറ്റം, ഭക്ഷ്യക്ഷാമം, തൊഴിലില്ലായ്മ എന്നീ വിഷയങ്ങൾ ഉന്നയിച്ചു കൊണ്ടായിരുന്നു ബിഹാർ, ഗുജ്റാത്ത് പ്രക്ഷോഭങ്ങൾ |
| റെയിൽവേ സമരം | റെയിൽവേ ജീവനക്കാരുടെ സമരസമിതികളുടെ നാഷണൽ കോഡിനേഷൻ കമ്മിറ്റി രാജ്യവ്യാപകമായ ഒരു പണിമുടക്കിന് ആഹ്വാനം നൽകി - ജോർജ്ജ് ഫെർണാണ്ടസ് ആയിരുന്നു നേതാവ് - ബോണസും സേവന വ്യവസ്ഥകളും സംബന്ധിച്ച ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സമരം - ഗവൺമെന്റ് ഈ ആവശ്യങ്ങൾക്കെതിരായിരുന്നു |
| ജുഡീഷ്യറിയുമായു ള്ള ഏറ്റുമുട്ടൽ | ഗവൺമെന്റ് ജുഡീഷ്യറിയും തമ്മിലുള്ള ബന്ധം ഇക്കാലത്ത് സംഘർഷനിർഭരമായി - ഗവൺമെന്റിന്റെ പല നടപടികളും ഭരണഘടന വിരുദ്ധമാണെന്ന് സുപ്രീംകോടതി വിധിച്ചു - ഈ പ്രതിസന്ധി ചെന്ന് അവസാനിച്ചത് പ്രസിദ്ധമായ കേശവാനന്ദഭാരതി കേസിലാണ് - ഭരണഘടനയ്ക്ക് ചില മൗലിക സ്വഭാവങ്ങൾ ഉണ്ടെന്നും അവ ഭേദഗതി ചെയ്യാൻ പാർലമെന്റിന് അധികാരമില്ലെന്നുമായിരുന്നു സുപ്രീംകോടതിയുടെ വിധി – 1973 മൂന്ന് ജഡ്ജിമാരുടെ സീനിയോറിറ്റി അവഗണിച്ചുകൊണ്ട് എ.എൻ റായിയെ ചീഫ് ജസ്റ്റിസ് ആയി നിയമിച്ചു. താഴെപ്പെട്ട 3 ജഡ്ജിമാരും ഗവൺമെന്റിനെതിരെ വിധി പ്രസ്താവിച്ച വരായിരുന്നു.<br><br>**എ.എൻ. റേയുടെ നിയമനത്തെച്ചൊല്ലിയുള്ള തർക്കം**<br>സർക്കാർ നിലപാടിനെതിരെ വിധി പറഞ്ഞ ജഡ്ജിമാരുടെ സീനിയോറിറ്റി ചീഫ് ജസ്റ്റിസ് നിയമനത്തിൽ സർക്കാർ പരിഗണിച്ചില്ല. ഇത് രാഷ്ട്രീയ വിവാദമായി. |
| അലഹബാദ് ഹൈക്കോടതി വിധി | സോഷ്യലിസ്റ്റ് നേതാവായ രാജ്യ നാരായണൻ സമർപ്പിച്ച തെരഞ്ഞെടുപ്പ് ഹരജിയിൽ ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് അലഹബാദ് ഹൈക്കോടതി റദ്ദാക്കി - ഇന്ദിരാഗാന്ധി തന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് സർക്കാർ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി എന്നതിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു ഹൈക്കോടതി വിധി |
| ജെപിയുടെ റാലി | 1975 ജൂൺ 25ന് ഡൽഹിയിലെ രാംലീല ഗ്രൗണ്ടിൽ വച്ചൊരു വമ്പിച്ച പ്രകടനം സംഘടിപ്പിച്ചു - ഇന്ദിരാഗാന്ധിയുടെ രാജിക്ക് വേണ്ടി രാജ്യവ്യാപകമായ ഒരു സത്യാഗ്രഹ പരിപാടിക്ക് ജയപ്രകാശ് നാരായണൻ ആഹ്വാനം ചെയ്തു - ഗവൺമെന്റിന്റെ നിയമവിരുദ്ധവും അധാർമികവുമായ കൽപ്പനകൾ അനുസരിക്കരുതെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. |

## അടിയന്തരാവസ്ഥയുടെ പ്രത്യാഘാതങ്ങൾ

**പൗരാവകാശ ലംഘനം**

- രാജ്യത്താകമാനം വ്യാപകമായി അറസ്റ്റ് നടന്നു.
- പ്രതിപക്ഷ നേതാക്കളെയും പ്രക്ഷോഭകാരികളേയും ജയിലിലടച്ചു.
- സമരങ്ങൾ നിരോധിച്ചു.
- പ്രതിഷേധ പ്രകടനങ്ങൾ,പണിമുടക്കുകൾ, പ്രക്ഷോഭങ്ങൾ തുടങ്ങിയവ യെല്ലാം നിരോധിക്കപ്പെട്ടു.
- മൗലികാവകാശങ്ങൾ സസ്പെൻഡ് ചെയ്തു.
- കരുതൽ തടങ്കൽ വ്യാപകമായി പ്രയോഗിച്ചു.
- മൗലികാവകാശം പുനസ്ഥാപിക്കാൻ കോടതിയെ സമീപിക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടു.

**ഭരണഘടന ഭേദഗതികൾ**

- പ്രധാനമന്ത്രി രാഷ്ട്രപതി ഉപരാഷ്ട്രപതി എന്നിവരുടെ തിരഞ്ഞെടുപ്പിന് ഒരു കോടതിയിലും ചോദ്യം ചെയ്യരുതെന്ന് ഭേദഗതി പാർലമെന്റ് പാസാക്കി
- ഭരണഘടനയിലെ ഒട്ടേറെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുകൊണ്ടുള്ള 42ആം ഭരണഘടനാഭേദഗതി അടിയന്തരാവസ്ഥ കാലത്താണ് പാസാക്കിയത്.
- ലോക്സഭയുടെ കാലാവധി അഞ്ചു വർഷമെന്നത് ആറു വർഷമാക്കി.

**മാധ്യമങ്ങൾക്കുള്ള വിലക്ക്**

- പത്രങ്ങൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തി.
- ഇന്ത്യൻ എക്സ്പ്രസ്, സ്റ്റേറ്റ്സ്മാൻ എന്നിവ പോലുള്ള പത്രങ്ങൾ സെൻസർഷിപ്പിനെതിരെ പ്രതിഷേധിച്ചു.
- സെമിനാർ, മെയിൻ സ്ട്രീം, തുടങ്ങിയ മാസികകൾ സെൻസർഷിപ്പിന് വിധേയമാകാതെ പ്രസിദ്ധീകരണം നിർത്തി.
- അടിയന്തരാവസ്ഥയ്ക്ക് എതിരായി എഴുതിയതിന് പല പത്രപ്രവർത്തകരും അറസ്റ്റ് ചെയ്യപ്പെട്ടു.
- പത്മഭൂഷൻ ബഹുമതി നൽകി ആദരിക്കപ്പെട്ടിരുന്ന കന്നട സാഹിത്യകാരനായ ശിവരാമകാരന്ത് പത്മശ്രീ നൽകി ആദരിക്കപ്പെട്ടിരുന്ന ഹിന്ദി സാഹിത്യകാരനായ ഫാനിശ്വര നാഥ് രേണു തങ്ങളുടെ ബഹുമതികൾ തിരിച്ചേൽപ്പിച്ച് പ്രതിഷേധിച്ചു.

**ഷാ കമ്മീഷന്റെ കണ്ടെത്തലുകൾ**

- പോലീസ് കസ്റ്റഡിയിൽ വച്ച് പലരും മർദ്ദനമേറ്റ് മരിച്ചു.
- പാവങ്ങളെ തോന്നിയപോലെ കുടിയിറക്കി ഡൽഹിയിലെ തുറക്കുമാൻ ഗേറ്റ് ചേരി ബലമായി ഒഴിപ്പിച്ചെടുത്തു.
- അടിയന്തരാവസ്ഥയുടെ മറവിൽ നൂറുകണക്കിന് ജനങ്ങളെ നിർബന്ധിത വന്ധ്യകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി.
- ഒരു ലക്ഷത്തിൽ പരം ആളുകളെ അറസ്റ്റ് ചെയ്തു.
- നിയമപരമല്ലാതെ പത്രങ്ങൾക്ക് മേൽ സെൻസർഷിപ്പ് ഏർപ്പെടുത്തി.
- ഒരു ഔദ്യോഗിക പദവിയും വഹിക്കാത്തവർ യഥേഷ്ടം അധികാരം കൈയാളി.

30. Based on the hints given below explain the main confrontation between India and China?

- Dalai Lama issue
- Boarder Dispute
- War of 1962
- Consequences of the war

താഴെ തന്നിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് ഇന്ത്യയും ചൈനയും തമ്മിലുള്ള ഏറ്റുമുട്ടലുകളെ കുറിച്ച് വിശദീകരിക്കുക?

- ദലൈലാമ വിഷയം
- അതിർത്തി തർക്കം
- 1962 ലെ യുദ്ധം
- യുദ്ധത്തിന്റെ പ്രത്യാഘാതങ്ങൾ

# INDIA – CHINA RELATION

**Introduction**: India's relationship with China started on a very friendly note. India is one of the first countries to recognize the Communist Government which came to power after Chinese Revolution. India took initiative in giving membership to Communist China In the United Nations Organisation. Gradually the cordial relationship between Inidia and China began to deteriorate. The Delai Lama issue and the boarder disputes strained the relationship.

**Panchsheel** Agreement was signed by **Nehru and Zhou En Lai** on 1954

**Panchsheel**

1. Mutual respect of each other's territorial integrity and sovereignty.
2. Mutual non-aggression.
3. Non-interference in each other's internal affairs.
4. Equality and mutual benefit.
5. Peaceful co-existence.

## INDO – CHINA WAR IN 1962

**Dalai Lama Issue** — **Causes** — **Border Dispute**

### Tibetan Issue

- From the very beginning of independence time to time China has claimed its administrative control over Tibet.
- In 1950 China had annexed and took over control of Tibet.Tibet thereby removing a historical buffer. Large sections of Tibetan population opposed this take over.
- India opposed the suppression of Tibetan Culture by the China.
- In 1958 there was an armed uprising in Tibet against Chinese occupation. India supported Tibetan which was bitterly objected by China. In 1959 Dalai Lama sought asylum in India. India granted asylum.
- China protested and declared that India was engaging in anti-Chinese activities

### Border Dispute

- The boundary dispute between China and India had aroused Indian feeling.
- China demanded two areas within Indian border belonged ie. Aksai-chin, Arunachal Pradesh (NEFA)

## INDO – CHINA WAR IN 1962

- China claimed and demanded Two areas of India,
  Aksai – Chin and Arunachal Pradesh
- China occupied Aksai -Chin
- Discussions between the leaders of the two countries
  Could not find a settlement.
- In 1962 China launched a swift and massive attack on
  Aksai Chin and Arunachal Pradesh
- China captured key areas in Arunachal Pradesh and they advanced to the entry point of Assam plains.
- China unilaterally declared ceasefire and Withdraw its troops

### RESULTS OF THE WAR

- The war amounts to humiliation on Indian side.
- The war helped to arose nationalism
- Top military commanders resigned.
- The defence minister VK Krishnamenon had to leave the Cabinet.
- A No confidence motion was moved against the Govt.
- The Congress lost some of the by elections to the Lok sabha.
- Military expenditure increased enormously.
- War affected India's Five Year plan.
- War led to a spilt in the Communist Party in 1964.
- The central Govt. started to give much attention at North East area
- Nagaland, Manipur, Tripura were constituted as separate states.
- War was also influenced the Indo-Pak relationship.

# INDIA – CHINA RELATION

തുടക്കത്തിൽ ഇന്ത്യയും ചൈനയും തമ്മിൽ നല്ല ബന്ധം ആയിരുന്നു. ചൈനീസ് വിപ്ലവത്തിന് ശേഷം ചൈനയിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്ററിനെ ആദ്യമായിട്ട് അംഗീകരിച്ച രാജ്യങ്ങളിൽ ഒന്ന് ഇന്ത്യയായിരുന്നു. അന്താരാഷ്ട്രാ വേദികളിലെല്ലാം ഇന്ത്യ കമ്മ്യൂണിസ്റ്റ് ചൈനയ്ക്ക് വേണ്ടി വാദിച്ചു. ഇന്ത്യ ചൈന അതിർത്തിയിൽ ഇന്ത്യ പട്ടാളത്തെ പോലും നിർത്തിയിരുന്നില്ല

1954 ന് നെഹ്റുവും ചൗ എൻ ലായ് യും പഞ്ചശീല കാരാറിൽ ഒപ്പ് വെച്ചു

**പഞ്ചശീല തത്വങ്ങൾ**

6. രാജ്യങ്ങളുടെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.
7. അന്യോന്യം ആക്രമിക്കാതിരിക്കുക.
8. ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.
9. സമത്വവും പരസ്പര സഹായവും വെച്ച് പുലർത്തുക.
10. സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.

## 1962 ലെ ഇന്ത്യ ചൈന യുദ്ധം

കാരണങ്ങൾ

- ദലൈലാമ പ്രശ്നം
- അതിർത്തി തർക്കം

### തിബറ്റൻ പ്രശ്നം

= 1950 ൽ ചൈന തിബറ്റ് പിടിച്ചടക്കുന്നു. അതോടെ ഇന്ത്യക്കും ചൈനക്കും ഇടയിൽ ഉണ്ടായിരുന്ന ഒരു സ്വതന്ത്ര മേഖല ഇല്ലാതായി.
= തിബറ്റൻ സംസ്കാരത്തെ ചൈന അടിച്ചമർത്തുന്നതിൽ ഇന്ത്യ പ്രതിഷേധിച്ചു.
= 1959 ൽ ദലൈലാമ ഇന്ത്യയിൽ അഭയം തേടി. ചൈനയുടെ ശക്തമായ എതിർപ്പ് നിലനിൽക്കേ ഇന്ത്യ ദലൈലാമയ്ക്ക് അഭയം നൽകി
= ഇന്ത്യ, ചൈനാ വിരുദ്ധ പ്രവർത്തനം നടത്തുന്നു എന്ന് ചൈന ആരോപിച്ചു.

### അതിർത്തി തർക്കം

- കൊളോണിയൽ കാലത്തെ അതിർത്തി നിർണയം തങ്ങൾക്ക് സ്വീകാര്യമല്ല എന്ന് ചൈന നിലപാടെടുത്തു
- ഇന്ത്യയിലായിരുന്ന രണ്ടു പ്രദേശങ്ങളുടെ മേൽ ചൈന അവകാശവാദം ഉന്നയിച്ചു
- കാശ്മീരിലെ അക്സായി-ചിൻ പ്രദേശത്തിന്മേലും അരുണാചൽ പ്രദേശ് ഭാഗത്തും ചൈന അവകാശവാദം ഉന്നയിച്ചു.
- അതിർത്തികളെല്ലാം പണ്ട് നിർണ്ണയിച്ചു കഴിഞ്ഞിട്ടുള്ളതാണെന്ന നിലപാട് ആണ് ഇന്ത്യ സ്വീകരിച്ചത്

## 1962 ലെ ഇന്ത്യ ചൈന യുദ്ധം

- ഇന്ത്യയുടെ അധീനതയിൽ ഉള്ള അക്സായി ചിൻ, അരുണാചൽ പ്രദേശ് എന്നീ പ്രദേശങ്ങളിൽ ചൈന അവകാശവാദം ഉന്നയിച്ചു.
- ചൈന അക്സായി ചിൻ പിടിച്ചെടുത്തു.
- അതിർത്തി തർക്കം സംബന്ധിച്ച് പല ചർച്ചകൾ നടത്തിയെങ്കിലും പരിഹാരമുണ്ടായില്ല.
- ലോകത്തിന്റെ ശ്രദ്ധ ക്യൂബൻ മിസൈൽ പ്രതിസന്ധിയിൽ കേന്ദ്രീകരിച്ചിരിക്കെ ചൈന ഇന്ത്യക്കെതിരെ വൻതോതിൽ ഉള്ള ആക്രമണം അഴിച്ചുവിട്ടു.
- അക്സായി ചിൻ, നെഫ മേഖലയിലൂടെ ചൈന ഇന്ത്യയെ ആക്രമിച്ചു.
- പടിഞ്ഞാറ് ഭാഗത്ത് ലഡാക്കിലെ ചീനയുടെ മുന്നേറ്റം തടയാൻ ഇന്ത്യക്കു കഴിഞ്ഞുവെങ്കിലും കിഴക്കുഭാഗത്ത് ചീന ഇരച്ചു കയറി.
- അരുണാചൽ പ്രദേശിലെ തന്ത്രപ്രധാനമായ പലപ്രദേശങ്ങളും ചൈന കീഴടക്കി. ആസാം സമതലപ്രദേശം വരെ ചൈന മുന്നറി.
- ചൈന ഏകപക്ഷീയമായി വെടി നിർത്തൽ പ്രഖ്യാപിച്ചു. ചൈന യുദ്ധത്തിന് മുൻപുള്ള സ്ഥാനങ്ങളിലേക്ക് തന്നെ പിൻവലിക്കുകയും ചെയ്തു.

## യുദ്ധത്തിന്റെ ഫലങ്ങൾ

- യുദ്ധത്തിന്റെ ഫലം ഇന്ത്യയ്ക്ക് നിരാശയുണ്ടാക്കി
- ഈ യുദ്ധം ഇന്ത്യക്ക് അകത്തും പുറത്തും ഇന്ത്യയുടെ പ്രതിച്ഛായയെ സാരമായി ബാധിച്ചു.
- ദേശീയ ബോധം വളർന്നു.
- ഉന്നത സൈന്യാധിപന്മാരിൽ പലരും രാജി വെച്ചു.
- പ്രതിരോധ മന്ത്രി വി.കെ കൃഷ്ണമേനോൻ രാജി വെച്ചു.
- നെഹ്റു സർക്കാരിനെതിരെ അവിശ്വാസ പ്രമേയം അവതരിപ്പിച്ചു.
- ചില ഉപതെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് പരാജയപ്പെട്ടു.
- ഇന്ത്യയുടെ സൈനിക ചെലവ് ഗണ്യമായി വർധിച്ചു.
- ഇന്ത്യയുടെ സാമ്പത്തിക ആസൂത്രണത്തെ യുദ്ധം സാരമായി ബാധിച്ചു.
- കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നു.
- വടക്ക് കിഴക്കൻ മേഖലയിൽ ഇന്ത്യ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ തുടങ്ങി.
- നാഗലാണ്ട്, മണിപ്പൂർ, ത്രിപുര തുടങ്ങി പുതുതായി സംസ്ഥാനങ്ങൾ രൂപീകരിച്ചു.
- ഈ യുദ്ധം ഇന്ത്യ - പാകിസ്ഥാൻ ബന്ധത്തിലും മാറ്റമുണ്ടാക്കി.

ചുവട്

**MUHAMMED RASAK K**
GHSS ERANHIMANGAD
MALAPPURAM